(സി) ഈ വഴിപ്പണി ആവശ്യത്തിലേക്ക വല്ല സംഖ്യയും കാട്ടർ പഞ്ചായത്തു് യജമാനകൊല്ലത്തിലേക്കെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ആ വഴിപ്പണി കാലവിളംബമെന്നെ പൂർത്തീകരിച്ചു് ഗതാഗതയോഗ്യമാക്കിത്തീർപ്പാൻ ഗവൺമെണ്ടു് അനുഭാവം പ്രദർശിപ്പിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഇല്ലെന്നറിയുന്നു.

(ബി) ഫ്ലഡ്ഫണ്ടിൽ. ഒരു പാലം പണിക്കു്.

(സി) ഉണ്ടു്.

(ഡി) ഗവൺമെണ്ടു് ഇതിനെപ്പറ്റി ആലോചിക്കുന്നതാണു്.

MARKETING SOCIETY—TRICHUR—OFFICE OF

459. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ രജിസ്റ്റർചെയ്തു തൃശ്ശിവപേരൂർ നടത്തിവരുന്ന മാർക്കറ്റിംഗ് സൊസൈറ്റി കെട്ടിടം ആരുടെ വകയാണു്;

(ബി) അതിനു പ്രതിമാസം എത്ര ഉറുപ്പിക വാടക കൊടുത്തുവരുന്നുണ്ടു്;

(സി) ആ ആഫീസു് തൃശ്ശിവപേരൂർ പട്ടണത്തിലെ ബസ്സ്റ്റാന്റിന്റെ ഏതു ഭാഗത്താണു്;

(ഡി) ആ സംഘത്തിൽ ഇപ്പോൾ ആരെയെല്ലാം നിയമിച്ചിട്ടുണ്ടു്;

(ഇ) ഓരോരുത്തരുടേയും പ്രതിമാസ രമ്പളം, പരീക്ഷായോഗ്യതകൾ ഇവകൾ എന്തെല്ലാം;

(എഫ്) പ്രസ്തുത സംഘം സിക്രട്ടറി ആരാണെന്നും അദ്ദേഹത്തിനു രമ്പളമോ അലവൻസോ ഓണറേറിയമോ ഇപ്പോൾ കൊടുത്തുവരുന്നുണ്ടോ എന്നും കൊടുക്കുന്നതു് ഏതുതരത്തിലാണെന്നും പറയാമോ;

(ജി) പ്രസ്തുത സംഘത്തിലെ ഇപ്പോഴത്തെ കമ്മിറ്റി മെമ്പർമാർ ആരെല്ലാം?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ശ്രീകൃഷ്ണപുരം പാണ്ടികശാല ഉടമസ്ഥന്മാർക്കുവേണ്ടി ഒരു ട്രസ്റ്റിയുടെ വകയാണു്.

(ബി) മുപ്പതു് ഉറുപ്പിക.

(സി) ബസ്സ് സ്റ്റാൻറിൽനിന്നു് ഉദ്ദേശം ഒരു ഫർലോങ്ങ് പടിഞ്ഞാറെ ഭാഗത്താണു്.

(ഡി) ഒരു മാനേജരേയും ഒരു ശിപായിയേയും.

(ഇ) മാനേജർക്കു് ഇരുപത്തഞ്ചുറുപ്പികയും ശിപായിക്കു പതിനഞ്ചുറുപ്പികയും. മാനേജർ ഷോർട്ട്ഹാൻറ്, ടൈപ്പുറൈറ്റിംഗ്,

LIBRARY ARCHIVES Kerala Legislative Assembly

ബുക്ക് കീപ്പിംഗ് മുതലായവയിൽ പരിചയമുള്ള ആളും, ബോംബെ, ബർമ്മ മുതലായ രാജ്യങ്ങളിൽ ഗവർമ്മെണ്ടാഫീസുകളിലും കമ്പനികളിലും മാനേജരായിട്ടും, അക്കൌണ്ടന്റായിട്ടും എട്ടുകൊല്ലത്തിലധികം ഉദ്യോഗത്തിലിരുന്നിട്ടുള്ള ആളുമാണ്. ശിപായി ഒന്നാംക്ലാസുവരെ പഠിച്ചിട്ടുള്ളവനും നാലുകൊല്ലത്തോളം തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിൽ ജോലിനോക്കീട്ടുള്ള ആളുമാണ്. ഒരു ഈഴവനുമാണ്.

(എഫ്) മ. രാ. രാ. കൊച്ചുകുഞ്ഞൻ കയ്മൾ അവർകൾ, ബി. എ., ബി. എൽ., എം. എൽ. സി. ശമ്പളമോ മറ്റോ യാതൊന്നും കൊടുത്തുവരുന്നില്ല.

(ജി) ഫ. മ. രാ. രാ. പി. വി. സുബ്രഹ്മണ്യയ്യർ അവർകൾ, ബി. എ., ചെയർമാൻ.

ഫ. കെ. കൊച്ചുകുഞ്ഞൻ കയ്മൾ, ബി. എ., ബി. എൽ., എം. എൽ. സി., സിക്രട്ടറി.

ന. കെ. നാരായണമേനോൻ, എം. എ., സി. എച്ച്. ഡി., പരസ്പര സഹായസംഘം റജിസ്ട്രാർ, എക്സ്-ഒഫീഷ്യോ മെമ്പർ.

ര. വി. കെ. അച്യുതമേനോൻ, എം. എ., ബി. കോം., വാണിജ്യവ്യവസായ ഡയറക്ടർ, എക്സ്-ഒഫീഷ്യോ മെമ്പർ.

ള. ജെ. യേശുദാസ്, എം. എ., ഗ്രാമോദ്ധാരണ ആഫീസർ, എക്സ്-ഒഫീഷ്യോ മെമ്പർ.

ഴ. ഡോക്ടർ സി. സി. മാത്യു, എം. എ., പി. എച്ച്. ഡി. (കൊളമ്പിയ), ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ.

റ. എസ്സ്. എഫ്. നൂനസ്സ്, എം. എ., സെൻറ് തോമാസ്സ് കോളേജ് പ്രൊഫസ്സർ.

റ്റ. ടി. എസ്സ്. ബാലരാമയ്യർ, സീതാറാം കമ്പനി മാനേജിംഗ് ഡയറക്ടർ.

ൻ. ടി. വി. കൊച്ചുവറിയത്, തൃശ്ശിവപേരൂർ.

ഫ൦. സി. പി. ലോനപ്പൻ, തൃശ്ശിവപേരൂർ.

ഫ൧. എ. അസ്മത്തുള്ളാഖാൻ സാഹിബ്, തൃശ്ശിവപേരൂർ.

HEALTH CENTRES—ABOLITION OF

460. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എത്ര ഹെൽത്ത് സെൻറുകൾ നിറുത്തൽ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly